# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.09.2026**

### പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ അധ്യക്ഷതയിൽ പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ന്യൂഡൽഹിയിൽ തുടക്കമായി. ന്യൂഡൽഹി പ്രഖ്യാപനത്തിന് ഉച്ചകോടിയുടെ അംഗീകാരം.
2. ജനകേന്ദ്രീകൃതവും മാനവികതയ്ക്ക് മുൻഗണന നൽകുന്നതുമായ സമീപനമാണ് ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷസ്ഥാനത്തിന്റെ അടിസ്ഥാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ശക്തമായ വൈദ്യുതി നയം ആവിഷ്ക്കരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ
4. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സപ്ലൈകോയുടെ ഹോർട്ടികോർപ്പ് വഴി സംസ്ഥാനത്ത് സവാള വിതരണം ആരംഭിച്ചു.
5. സമുദ്ര മലിനീകരണം തടയുന്നതിനായുള്ള "സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ – 2026" ദേശീയ കാമ്പയിന് തുടക്കം. സംസ്ഥാനത്തും വിവിധ പരിപാടികൾ.
6. ജൂനിയർ വനിതാ ഹോക്കി ഏഷ്യ കപ്പ് ഫൈനലിൽ ഇന്ത്യ നാളെ ചൈനയെ നേരിടും.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## ബ്രിക്സ് ഉച്ചകോടി

ഇന്ത്യയുടെ അധ്യക്ഷതയിൽ പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ന്യൂഡൽഹിയിൽ തുടക്കമായി. ന്യൂഡൽഹി പ്രഖ്യാപനത്തിന് ഉച്ചകോടി അംഗീകാരം നൽകി. പശ്ചിമേഷ്യയിൽ സംഘർഷങ്ങൾ വർധിക്കുന്നതിൽ ബ്രിക്സ് അംഗരാജ്യങ്ങൾ ആശങ്ക രേഖപ്പെടുത്തി. സ്ഥിതിഗതികൾ വഷളാക്കുന്ന നടപടികൾ ഒഴിവാക്കണമെന്നും എല്ലാവരും പരമാവധി സംയമനം പാലിക്കണമെന്നും അവർ ആഹ്വാനം ചെയ്തു. ഭീകരപ്രവർത്തനങ്ങൾ കുറ്റകരവും ന്യായീകരിക്കാനാവാത്തതുമാണെന്ന് ബ്രിക്സ് അംഗങ്ങൾ ശക്തമായി അപലപിച്ചു. കഴിഞ്ഞ വർഷം ഏപ്രിൽ 22-ന് ജമ്മു കശ്മീരിൽ നടന്ന ഭീകരാക്രമണത്തെ അവർ അതിശക്തമായി അപലപിക്കുകയും ചെയ്തു. രണ്ടുദിവസം നീണ്ടുനിൽക്കുന്ന ഉച്ചകോടിയിൽ പതിനൊന്ന് അംഗരാജ്യങ്ങളും പത്ത് പങ്കാളിത്ത രാജ്യങ്ങളുമാണ് പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - ബ്രിക്സ് (ഇൻട്രോ)

ജന കേന്ദ്രീകൃതവും മാനവികതയ്ക്ക് മുൻഗണന നൽകുന്നതുമായ സമീപനമാണ് ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷസ്ഥാനത്തിന്റെ അടിസ്ഥാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 18-ാമത് ബ്രിക്സ് ഉച്ചകോടിയുടെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോളതലത്തിൽ കഴിഞ്ഞ 20 വർഷങ്ങളിൽ ബ്രിക്സ് കൂട്ടായ്മ തനതായ സ്ഥാനം നേടിയിട്ടുണ്ട്. നിലവിലെ ഉച്ചകോടി ചരിത്രപരമായ ഒരു നാഴികക്കല്ലാണെന്നും പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയാണ് അധ്യക്ഷരാജ്യമെന്ന നിലയിൽ ഇന്ത്യയുടെ പ്രധാന മുൻഗണനകളെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

ബ്രിക്സ് കൂട്ടായ്മ ആരുടെയും എതിരാളിയല്ലെന്നും ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിന്റെ പരിഷ്കരണം ഇനിയും വൈകിക്കാനാവില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

ഉച്ചകോടിയിൽ ആഗോള ഭരണപരിഷ്കരണത്തിനായി 10 ഇന മാർഗരേഖയും ശ്രീ മോദി നിർദേശിച്ചു.

&&&&&&&&&&&&&&&&&&&&

## രാഷ്ട്രപതി ദ്രൗപദി മുർമു

ബ്രിക്സ് ഉച്ചകോടിക്കിടെ രാഷ്ട്രപതി ദ്രൗപദി മുർമു ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്നലെ അദ്ദേഹം പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തിയിരുന്നു. അതേസമയം ചൈനീസ് പ്രസിഡൻറ് ഷി ജിൻ പിങ്ങുമായുള്ള ശ്രീ നരേന്ദ്ര മോദിയുടെ കൂടിക്കാഴ്ച ന്യൂഡൽഹിയിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&&&

## മലേഷ്യൻ പ്രധാനമന്ത്രി

ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി ഇന്ത്യയിലെത്തിയ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം നാളെ കേരളം സന്ദർശിക്കും. കോഴിക്കോട് മർകസ് ക്യാമ്പസിൽ എത്തുന്ന അദ്ദേഹം പ്രത്യേക പ്രാർഥനാ സംഗമത്തിൽ സംബന്ധിക്കും.

RNUTVPM

&&&&&&&&&&&&&&&&&&&&

## ഗതാഗത നിയന്ത്രണം

മലേഷ്യൻ പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കോഴിക്കോട് നാളെ വൈകിട്ട് 5 മണി മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. വൈദ്യരങ്ങാടി, രാമനാട്ടുകര മുതൽ മലാപ്പറമ്പ് വരെയും കുന്നമംഗലം -മടവൂർ വരെയും വൈകിട്ട് 5 മണി മുതൽ പൂർണ്ണ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - വൈദ്യുതി പ്രതിസന്ധി

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ശക്തമായ വൈദ്യുതി നയം ആവിഷ്കരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അടുത്തമാസം തന്നെ ഇതിനുള്ള നടപടികൾ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. പുനരുപയോഗ ഊർജ്ജത്തെ മികച്ച

രീതിയിൽ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നയമായിരിക്കും ആവിഷ്ക്കരിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## വൈദ്യുതി പ്രതിസന്ധി

കേരളത്തിൽ വൈദ്യുതി പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ, ഉയർന്ന വില നൽകി വൈദ്യുതി വാങ്ങാൻ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകി. ഒക്ടോബർ മുതൽ മെയ് മാസം വരെയുള്ള കാലയളവിൽ ഹ്രസ്വകാല കരാറുകൾ മുഖേന വൈദ്യുതി ലഭ്യമാക്കാനാണ് അനുമതി ലഭിച്ചിരിക്കുന്നത്. അതേസമയം, നിലവിലുള്ള വൈദ്യുതി നിയന്ത്രണങ്ങൾ തൽക്കാലം ഒഴിവാക്കില്ലെന്നാണ് സൂചന.

&&&&&&&&&&&&&&&&&&&&

## സവാളവില

സവാളവില പിടിച്ചുനിർത്തുന്നതിന് വിപണി ഇടപെടലുമായി കേരളം. പൊതുവിപണിയിൽ 65 മുതൽ 75 രൂപ വരെ വിലയുള്ള സവാള 35-രൂപയ്ക്ക് സപ്ലൈകോയുടെ ഹോർട്ടികോർപ്പ് വഴി വിതരണം ആരംഭിച്ചതായി മുഖ്യമന്ത്രി വി.ഡി സതീശൻ ഫേസ്ബുക്കിൽ അറിയിച്ചു. പൂഴ്ത്തിവയ്പ്പിനും അനാവശ്യ വിലക്കയറ്റത്തിനുമെതിരെ നിരീക്ഷണം ശക്തമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകിട്ട് 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&

## സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ

സമുദ്ര മലിനീകരണം തടയേണ്ടതിന്റെ പ്രാധാന്യം ലക്ഷ്യമിട്ട് ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന "സ്വച്ഛ് സാഗർ, സുരക്ഷിത്

സാഗർ – 2026" ജനകീയ കാമ്പയിന് തുടക്കമായി. ഈ മാസം 19 വരെയാണ് കാമ്പയിൻ. അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനത്തോടനുബന്ധിച്ചുള്ള വിപുലമായ പ്രവർത്തനങ്ങളോടെയാണ് വാരാചരണത്തിന്റെ സമാപനം. തീരപ്രദേശങ്ങൾ പൊതുജന പങ്കാളിത്തത്തോടെ വൃത്തിയായി സൂക്ഷിക്കുക, സമുദ്ര സംരക്ഷണത്തെക്കുറിച്ച് ആഴത്തിലുള്ള അവബോധം വളർത്തുക എന്നിവയാണ് ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങൾ.

&&&&&&&&&&&&&&&&&&&&

## വാക്കത്തൺ

കടലും തീരവും മാലിന്യമുക്തമായി സംരക്ഷിക്കണമെന്ന സന്ദേശവുമായി കൊച്ചി ക്വീൻസ് വേയിൽ വാക്കത്തൺ സംഘടിപ്പിച്ചു. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള സെന്റർ ഫോർ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് ഇക്കോളജി സംഘടിപ്പിക്കുന്ന 'സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ' പ്രചാരണത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചായിരുന്നു പരിപാടി. അഡ്വക്കേറ്റ് ജനറൽ ജാജു ബാബു വാക്കത്തൺ ഫ്ളാഗ് ഓഫ് ചെയ്തു.

&&&&&&&&&&&&&&&&&&&&

## സിയാൽ റോബോർട്ട് (ഇൻട്രോ)

നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യാത്രക്കാർക്കുള്ള സേവനവും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൊബോട്ടുകൾ എത്തുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി ഡൊമസ്റ്റിക് സെക്യൂരിറ്റി ഹോൾഡ് ഏരിയയിലുള്ള കലാ മ്യൂസിയമായ കലാങ്കണത്തിൽ റോബോട്ട്പ്രവർത്തനം ആരംഭിച്ചു. വിമാനത്താവള കമ്പനി (സിയാൽ) മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഉദ്ഘാടനം നിർവ്വഹിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി.നഹീമ.....

(വോയ്സ്)

&&&&&&&&&&&&&&&&&&&&

RNU TVPM

## ഏഷ്യ കപ്പ് വനിതാ ജൂനിയർ ഹോക്കി

ചൈനയിലെ മോഖിയിൽ നടക്കുന്ന ഏഷ്യ കപ്പ് ജൂനിയർ വനിതാ ഹോക്കി ടൂർണമെൻറിൽ ഇന്ത്യ ഫൈനലിൽ. ദക്ഷിണ കൊറിയയെ 5-1 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്. നാളെ നടക്കുന്ന കിരീട പോരാട്ടത്തിൽ ഇന്ത്യ ചൈനയെ നേരിടും.

&&&&&&&&&&&&&&&&&&&&&

## ടി-20 വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ്

ടി-20 വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്ക നാളെ ഇന്ത്യയെ നേരിടും. ദുബായിലാണ് മത്സരം. ഇന്നലെ നടന്ന സെമിഫൈനലിൽ പാകിസ്ഥാനെ പരാജയപ്പെടുത്തിയാണ് ശ്രീലങ്ക ഫൈനലിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&&&&&&&&

## പിഐബി - മാധ്യമ പര്യടനം

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉത്തർപ്രദേശിലേക്ക് സംഘടിപ്പിച്ച ഏഴ് ദിവസത്തെ മാധ്യമ പര്യടനം സമാപിച്ചു. പി ഐ ബി തിരുവനന്തപുരം ഡയറക്ടർ പാർവതി വി, പിഐബി കൊച്ചി അസിസ്റ്റൻ്റ് ഡയറക്ടർ ലക്ഷ്മിപ്രിയ എസ്.എസ് എന്നിവരുടെ നേതൃത്വത്തിൽ 11 മാധ്യമ പ്രവർത്തകരടങ്ങുന്ന സംഘമാണ് പര്യടനം നടത്തിയത്. സിതാപൂർ ജില്ലയിലെ സിദ്ധൗളിയിലെ "ചിക്കൻകാരി നൂൽത്തുന്നൽ കലാകാരന്മാർ", നൂതന കാർഷികരീതികളിലൂടെ പ്രശസ്തനായ പത്മശ്രീ രാം ശരൺ വർമ്മ എന്നിവരുമായി സംഘം സംഭാഷണം നടത്തി.

&&&&&&&&&&&&&&&&&&&&&

## പ്ലസ്ടു വിദ്യാർഥികൾ മുങ്ങി മരിച്ചു

പത്തനംതിട്ട കോന്നിയിൽ അച്ചൻകോവിലാറ്റിൽ രണ്ടു പ്ലസ് ടു വിദ്യാർഥികൾ മുങ്ങി മരിച്ചു. കോന്നി കൊന്നപ്പാറ, പയ്യനാമൺ സ്വദേശികളായ ഡെനീഷ് ഷിബു, സെബിൻ ബിനോയ് എന്നിവരാണ് മരിച്ചത്. ഒരു വിദ്യാർഥിയെ രക്ഷപ്പെടുത്തി.

RNU TVPM